66

# മരണം ആസന്നമാകുമ്പോൾ

**വായനാഭാഗം #27**

VI. മൂന്നാമത്തെ പെസഹ മുതൽ യേശു ബെഥാന്യയിൽ എത്തുന്നതുവരെ (തുടർച്ച).

S. യെരുശലേമിലേക്കുള്ള അവസാന യാത്ര (ലൂക്കൊ. 17:11) (തുടർച്ച).

8. അവന്റെ ശിഷ്യന്മാരെ മുന്നറിയിക്കൽ – വരുവാനുള്ള തന്റെ മരണത്തെക്കുറിച്ച് (മത്താ. 20:17–19; മർക്കൊ. 10:32–34; ലൂക്കൊ. 18:31–34).
9. ദാസ്യത്വത്തെക്കുറിച്ച് അവന്റെ ശിഷ്യന്മാരോട് ഉപദേശിച്ചു (മത്താ. 20:20–28; മർക്കൊ. 10:35–45).
10. ബർത്തിമായിയുടേയും അവന്റെ കൂടെയുള്ളവന്റേയും – അന്ധത സൗഖ്യമാക്കുന്നു (മത്താ. 20:29–34; മർക്കൊ. 10:46–52; ലൂക്കൊ. 18:35–43).
11. സക്കായിയെ – അവന്റെ അതിമോഹത്തിൽനിന്നു രക്ഷിക്കുന്നു (ലൂക്കൊ 19:1–10).
12. തന്റെ ശിഷ്യന്മാരെ തിരുത്തുന്നു – മിനാസിന്റെ ഉപമ (അല്ലെങ്കിൽ “റാത്തൽ”) (ലൂക്കൊ. 19:11–27).

**മുഖവുര**

ഒരാഴ്ചക്കുള്ളിൽ നിങ്ങൾ മരിക്കും എന്നറിഞ്ഞാൽ, അതിനോട് നിങ്ങൾ എങ്ങനെ പ്രതികരിക്കും?[1] നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ ആകാത്തവിധം സ്തംഭിച്ചു പോകുമോ? നിങ്ങൾ സ്വയം–പരിതപിച്ച് പോകുമോ? നിങ്ങളുടെ സ്നേഹിതന്മാരും ബന്ധുക്കളും നിങ്ങൾക്ക് ചുറ്റും നിന്ന് ആശ്വസിപ്പിക്കുവാൻ മാത്രമാണോ നിങ്ങൾ ആഗ്രഹിക്കുന്നത്?

യേശു യെരുശലേമിലേക്കുള്ള തന്റെ അവസാന യാത്രവരെ, നമ്മുടെ പല പാഠങ്ങളിലും നാം യേശുവിനോടൊപ്പം ആയിരുന്നു. ഈ പാഠത്തിൽ, ആ യാത്ര അവൻ പൂർത്തിയാക്കും. ക്രിസ്തു ആ അവസാന മൈലുകൾ നടക്കുമ്പോൾ മരണത്തിന് ദിവസങ്ങൾ മാത്രമേയുള്ളു എന്ന വേദനിപ്പിക്കുന്ന അറിവ് അവനുണ്ടായിരുന്നു (മത്തായി 20:17–20). ക്രൂശിലേക്കുള്ള സമയം അടുത്തടുത്ത് വരുമ്പോൾ അവന്റെ സമയവും ചിന്തകളും എങ്ങനെ ചിലവഴിച്ചു? നമ്മുടെ കാഴ്ച്ചപ്പാടുകളെ ബാധിക്കുന്നതായിരുന്നു യേശുവിന്റെ ജീവിതത്തിലെ ആ നിർണായക മുൻഗണനകൾ. മരണം ആസന്നമാണെന്ന് അറിയുമ്പോൾ നാം എന്തു ചെയ്യും?

**ഒഴിച്ചുകൂടാനാവാത്തത് നിക്ഷേധിക്കരുത്**
**(മത്താ. 20:17-19; മർക്കൊ. 10:32-34; ലൂക്കൊ. 18:31-34)**

പാഠം തുടങ്ങുമ്പോൾ, ക്രിസ്തുവും പുരുഷാരവും യെരിഹോവിനടു

ത്തായിരുന്നു (മർക്കൊസ് 10:46 നോക്കുക). അവർ ഒരുപക്ഷെ യെരിഹോവിന് കിഴക്ക്, യോർദ്ദാന്റെ മറുകരയിൽ തീർത്ഥാടകർ നദികടന്ന് യെഹൂദ്യയിലേക്ക് കയറുന്ന ഭാഗത്ത് എത്തിയിരിക്കാം.[2]

**മടിച്ചില്ല (മർക്കൊ. 10:32)**

മർക്കൊസ് എഴുതി, "അവർ യെരുശലേമിലേക്ക് യാത്ര ചെയ്യുകയായിരുന്നു, യേശു അവർക്ക് മുമ്പായി നടന്നു, അവർ വിസ്മയിച്ചു, അനുഗമിക്കുന്നവരോ ഭയപ്പെട്ടു" (വാ. 32).[3] മരണം അവനെ കാത്തിരിക്കുന്നു എങ്കിലും, യേശു നടന്ന് പോകുവാൻ മടിച്ചില്ല, പക്ഷെ അവന്റെ ശിഷ്യന്മാർ പുറകോട്ടു വലിഞ്ഞു. യെരുശലേമിൽ പോയാൽ ഉദ്യോഗസ്ഥർ അവനെ കൊല്ലുമെന്നറിഞ്ഞിട്ടും അവൻ പോയതുകൊണ്ട് ഒരുപക്ഷെ അവർ ആശ്ചര്യപ്പെട്ടിരിക്കാം (യോഹന്നാൻ 11:7, 8, 16, 47–54). ഒരുപക്ഷെ അവർ ഭയപ്പെട്ടത് അവന്റെ ജീവനെ ഓർത്തു മാത്രമായിരിക്കയില്ല, അവരുടെ ജീവനേയും ഓർത്തിട്ടായിരിക്കും (യോഹന്നാൻ 11:16 നോക്കുക).

**വേലിക്കെട്ടില്ല[4] (മത്താ. 20:17-19; മർക്കൊ. 10:32-34; ലൂക്കൊ. 18:31-34)**

യേശു പന്തിരുവരെ അടുത്തുവിളിച്ച് തനിക്ക് വരുവാനുള്ളത് അവരോട് അറിയിച്ചു. ഒരുപക്ഷെ അവൻ വിചാരിച്ചത്–ഒരിക്കൽ തന്നെക്കുറിച്ചുള്ള പ്രവചനങ്ങൾ നിറവേറുന്നതായി ശിഷ്യന്മാർ മനസിലാക്കിയാൽ–അവന്റെ മരണം ആപത്തല്ലെന്നും, അത് ദൈവ പദ്ധതിയുടെ വിജയമാണെന്നും തിരിച്ചറിയും എന്നാണ്.[5] അവൻ അവരോട് പറഞ്ഞു,

> നാം യെരുശലേമിലേക്ക് പോകുന്നുവല്ലോ, അവിടെ മനുഷ്യപുത്രൻ മഹാപുരോഹിതന്മാർക്കും ശാസ്ത്രിമാർക്കും ഏൽപ്പിക്കപ്പെടും, അവർ അവന് മരണശിക്ഷ കല്പിച്ച് പരിഹസിപ്പാനും തല്ലുവാനും ക്രൂശിപ്പാനും അവനെ ജാതികൾക്ക് ഏൽപ്പിക്കും, എന്നാൽ മൂന്നാം നാൾ അവൻ ഉയർത്തെഴുന്നേൽക്കും (മത്തായി 20:18, 19).

ക്രിസ്തു മുമ്പ് തന്റെ മരണത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട് (മർക്കൊസ് 8:31–33; 9:30–32[6]), എന്നാൽ ഇപ്പോൾ മുമ്പ് പറയാത്ത ചില വിശദീകരണങ്ങൾ കൂടെ നൽകി:[7]

- അവൻ മഹാപുരോഹിതന്മാർക്കും ശാസ്ത്രിമാർക്കും "ഏൽപ്പിക്ക പ്പെടും" – അവൻ ഒറ്റിക്കൊടുക്കപ്പെടും എന്നുള്ള സൂചനയാണത്.
- മഹാപുരോഹിതന്മാരും ശാസ്ത്രിമാരും അവനെ മരണത്തിന് വിധി ച്ച ശേഷം അവർ അവനെ ജാതികൾക്ക് ഏൽപിച്ചു കൊടുക്കും (റോമർ).
- അവനെ പരിഹസിക്കയും തല്ലുകയും ചെയ്യും.
- അവൻ ക്രൂശിൽ മരിക്കും.

സാധാരണപോലെ, മരണം അവസാനമല്ലാ എന്ന് അവൻ ഊന്നിപ്പറഞ്ഞു, എന്നാൽ മൂന്നാം നാൾ അവൻ "ഉയർത്തെഴുന്നേൽക്കും."[8] കൂടാതെ, സാധാരണപോലെ, അവൻ പറയുന്നതെന്തെന്ന് അപ്പൊസ്തലന്മാർക്ക് മന

സിലായിരുന്നില്ല: "അവരോ ഇത് ഒന്നും ഗ്രഹിച്ചില്ല" (ലൂക്കൊസ് 18:34; മർക്കൊസ് 9:10, 32).[9]

### നിങ്ങൾ ഇവിടെ ആയിരിക്കുന്നതിന്റെ ഉദ്ദേശം അറിയുക (മത്താ. 20:20-28; മർക്കൊ. 10:35-45)

മുമ്പ്, യേശു തന്റെ മരണത്തെ മുന്നറിയിക്കുന്നതിന് മുമ്പ്, രാജ്യത്തിൽ തങ്ങളിലാരായിരിക്കും വലിയവൻ എന്ന് വാദിച്ചുകൊണ്ട് ശിഷ്യന്മാർ തങ്ങളുടെ അറിവില്ലായ്മ പൂർണമായും വ്യക്തമാക്കി (മർക്കൊസ് 9:31–34). ഈ സാഹചര്യത്തിൽ അവൻ ആ പ്രഖ്യാപനം നടത്തിയ ശേഷവും അതു തന്നെയാണ് സംഭവിച്ചത്.

**ഉദ്ദേശം: ശുശ്രുഷിക്കപ്പെടുന്നതിനോ?**

യാക്കൊബും യോഹന്നാനും ക്രിസ്തുവിന്റെ അടുക്കൽ വന്ന്, രാജ്യത്തിലെ പ്രധാനപ്പെട്ട സിംഹാസനങ്ങൾ തങ്ങൾക്ക് നൽകണമെന്ന് ആവശ്യപ്പെട്ടു (മത്തായി 19:28 നോക്കുക) – അത് അവന്റെ വലത്തും ഇടത്തും ഇരിക്കുവാനായിരുന്നു.[10] കർത്താവ് മൃദുവായ ശാസനയോടെ തന്റെ പിതാവാണ് അത്തരം ആദരവ് നൽകേണ്ടതെന്ന് അവൻ അറിയിച്ചു.

യാക്കൊബും യോഹന്നാനും ആവശ്യപ്പെട്ടത് മറ്റ് അപ്പോസ്തലന്മാർ അറിഞ്ഞപ്പോൾ, "ആ രണ്ട് സഹോദരന്മാരോട് നീരസപ്പെട്ടു" (മത്തായി 20:24). അവർക്കതിൽ വിഷമം ഉണ്ടാകുവാൻ കാരണം ഒരുപക്ഷേ അവർ അത് ആദ്യം ആലോചിച്ചില്ല എന്നതുകൊണ്ടാവാം. മശിഹാരാജ്യത്തിന്റെ സ്വഭാവത്തെ മനസിലാക്കുവാൻ കഴിയാതിരുന്നത് കൊണ്ടാണ് അവർ തങ്ങൾക്ക് മുൻഗണന വേണമെന്ന് താൽപര്യപ്പെട്ടുകൊണ്ടിരുന്നത്.[11]

**ഉദ്ദേശം: ശുശ്രൂഷിക്ക!**

രാജ്യത്തിലെ വാസ്തവത്തിലുള്ള മാഹാത്മ്യം ശുശ്രൂഷിക്കപ്പെടുന്നതിന്റെ അടിസ്ഥാനത്തിലല്ല, മറിച്ച് മറ്റുള്ളവരെ ശുശ്രുഷിക്കുന്നതിന്റെ അടിസ്ഥാനത്തിലാണെന്ന് യേശു അവരെ ആവർത്തിച്ച് പഠിപ്പിച്ചുകൊണ്ടിരുന്നു.[12] അവൻ തന്നെത്തന്നെ ഉദാഹരണമായി ചൂണ്ടിക്കാണിച്ചു: "മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല ശുശ്രൂഷിപ്പാനും അനേകർക്ക് വേണ്ടി തന്റെ ജീവനെ മറുവിലയായി[13] കൊടുപ്പാനുമത്രേ വന്നത്" (മർക്കൊസ് 10:45).

താൻ ആരാണെന്നും വന്നത് എന്തിനാണെന്നും മനസിലാക്കിയതുകൊണ്ടായിരുന്നു ക്രിസ്തുവിന് മരണത്തിലേക്ക് സഞ്ചരിപ്പാൻ കഴിഞ്ഞത്.[14] തന്റെ ശിഷ്യന്മാർക്കും അതേവിധത്തിലുള്ള ശക്തമായ ഉദ്ദേശവും ദൗത്യവും ബോധ്യമാകണമെന്ന് അവൻ ആഗ്രഹിച്ചു.

### നിങ്ങളെത്തന്നെ നിയന്ത്രിച്ച് ദൈവത്തിന് മഹത്വം കൊടുക്ക (മത്താ. 20:29-34; മർക്കൊ. 10:46-52: ലൂക്കൊ. 18:35-43)

യേശുവും പുരുഷാരവും യോർദ്ദാൻതാഴ്വരകടന്ന് യെഹൂദ്യയിലേക്ക് നീങ്ങി. പിന്നെ അവർ ഏതാണ്ട് ഏഴ് മൈലുകൾക്കപ്പുറമുള്ള പുരാതന നഗരമായ യെരിഹോവിലേക്ക് കടന്നുപ്പോയി.[15] അവിടെവെച്ച് ദാസനായി തീരുക എന്നതിന്റെ അർത്ഥം പ്രായോഗികമായി കാണിച്ച് കൊടുക്കയും

കുരുടന്മാരെ സൗഖ്യമാക്കുകയും കുപ്രസിദ്ധിയാർജിച്ച ഒരു പാപിക്ക് രക്ഷ നൽകുകയും ചെയ്തു. അതിൽ ആദ്യം രേഖപ്പെടുത്തിയിരിക്കുന്നത് ഒരു കുരുടന്റെ സംഭവമാണ്.[16]

**വസ്തുതകളെ പരിശോധിക്കൽ**

മൂന്നു ചുരുക്ക സുവിശേഷ വിവരണങ്ങളിൽ സൗഖ്യമാക്കൽ രേഖപ്പെടുത്തിയിട്ടുണ്ട്, എന്നാൽ അവയുടെ വിശദീകരണത്തിൽ വ്യത്യാസമുണ്ട്. ഉദാഹരണത്തിന്, രണ്ടു കുരുടന്മാരെക്കുറിച്ചാണ് മത്തായി പറഞ്ഞിരിക്കുന്നത് (മത്തായി 20:30), എന്നാൽ മർക്കൊസും ലൂക്കൊസും ഒരു കുരുടനെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത് (മർക്കൊസ് 10:46; ലൂക്കൊസ് 18:35). ഗദരേനയിലെ രണ്ടു ഭൂതബാധിതരെ സൗഖ്യമാക്കിയ സംഭവവും അതേ സാഹചര്യത്തിൽകാണാം.[17] സുവിശേഷവിവരണങ്ങൾ എഴുതിയപ്പോൾ ഈ രണ്ടിൽ ഒന്ന് നന്നായി അറിയപ്പെട്ടിരിക്കാം. മർക്കൊസ് നമ്മളോട് പറയുന്ന ആ ഒരു കുരുടന്റെ പേർ (ഒരുപക്ഷേ നന്നായി–അറിയപ്പെട്ടവൻ) "ബർത്തിമായി," അതിനർത്ഥം "തീമായിയൂടെ മകൻ" എന്നാണ് (മർക്കൊസ് 10:46).[18]

കൂടാതെ, അവരെ സൗഖ്യമാക്കിയ സ്ഥല നിർണയത്തിന്റെ കാര്യത്തിലും വ്യത്യാസമുണ്ട്. ലൂക്കൊസ് പറഞ്ഞത് "യേശു യെരിഹോവിന് സമീപിച്ചിരുന്നു എന്നാണ്'' (ലൂക്കൊസ് 18:35), എന്നാൽ മത്തായിയും മർക്കൊസും എഴുതിയത് അവൻ "യെരിഹോ വിട്ടു പോകയായിരുന്നു" എന്നാണ് (മത്തായി 20:29; മർക്കൊസ് 10:46). പഴയ പല കമന്ററികളും ഈ വൈപരീത്യം എന്ന് തോന്നുന്നതിനെ പരിഹരിച്ചു പറഞ്ഞത് യേശു കടന്ന് പോയപ്പോൾ ആ കുരുടന്മാർ യെരിഹോവിന്റെ പ്രവേശന കവാടത്തിലായിരുന്നു – എന്നാൽ, അവൻ ആരാണെന്ന് അവർ അറിഞ്ഞപ്പോഴേക്കും, അവൻ പട്ടണത്തിൽ പ്രവേശിച്ചു കഴിഞ്ഞിരുന്നു. അങ്ങനെ അവർ പട്ടണത്തിന്റെ മറുവശത്തേക്ക് പോയി, ആ വിശദീകരണം അനുസരിച്ച്, ക്രിസ്തു യെരിഹോ വിട്ടു പോയപ്പോൾ അവൻ അവരെ സൗഖ്യമാക്കി.[19] ആധുനിക കമന്ററികൾ പോതുവിൽ ചൂണ്ടിക്കാണിക്കുന്നത് രണ്ട് "യെരിഹോ" ഉണ്ടായിരുന്നു എന്നാണ്; ചരിത്രപരമായ "പുരാതന" യെരിഹോയും പിന്നെ ഹെരോദാവ് പണിത "പുതിയ" യെരിഹോയും. അതുകൊണ്ട് അവർ ഊന്നിപ്പറയുന്നത് യേശു ആ കുരുടന്മാരെ കണ്ടു മുട്ടിയത് അവൻ *പുരാതന* യെരിഹോ വിട്ട് പോകയും *പുതിയ* യെരിഹോവിനോട് സമീപിച്ചിരിക്കയും ചെയ്തപ്പോഴായിരുന്നു എന്നത്രേ. എങ്ങനെയായാലും, പരിഹരിക്കാൻ പറ്റാത്ത ഒന്നും ആ വിവരണങ്ങളിൽ ഇല്ല.[20]

**വിശ്വാസത്തെ ഊന്നിയിരിക്കുന്നു**

രണ്ടു കുരുടന്മാർ റോഡരികിൽ തങ്ങളുടെ യാചനാസ്ഥലത്ത് ഇരിക്കുകയായിരുന്നു (ലൂക്കൊസ് 18:35 നോക്കുക). കടന്ന് പോകുന്നത് ആരാണെന്ന് അവർ കേട്ടപ്പോൾ അവർ നിലവിളിച്ചു, "കർത്താവേ, ദാവീദുപുത്രാ ഞങ്ങളോട് കരുണയുണ്ടാകേണമേ!"[21] (മത്തായി 20:30). പുരുഷാരം അവരെ ശാന്തമാക്കുവാൻ ശ്രമിച്ചു. എന്നാൽ, "കർത്താവേ ദാവീദുപുത്രാ, ഞങ്ങളോട് കരുണ തോന്നേണമേ എന്ന് അധികം നിലവിളിച്ചു" (മത്തായി 20:31). യേശു അവരെ തന്റെ അടുക്കലേക്ക് വിളിച്ചു (മർക്കൊസ് 10:49)[22] ചോദിച്ചു, "ഞാൻ നിങ്ങൾക്ക് എന്തു ചെയ്യേണമെന്ന് ഇച്ഛിക്കുന്നു?" (മത്തായി 20:32). അവർ

പറഞ്ഞു, “കർത്താവേ ഞങ്ങൾക്ക് കണ്ണ് തുറന്നുകിട്ടേണം” (മത്തായി 20:33). ക്രിസ്തു ബർത്തിമായിയോട് പറഞ്ഞു, “പോക, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു;” (മർക്കൊസ് 10:52; ലൂക്കൊസ് 18:42). സൗഖ്യമാകൽ വേണ്ടിയിരുന്ന ഒരാളിൽനിന്ന് എപ്പോഴും വിശ്വാസം ആവശ്യപ്പെട്ടിരുന്നില്ല,[23] എന്നാൽ ഈ അവസരത്തിൽ അതു പറഞ്ഞിരിക്കുന്നു. വാസ്തവത്തിലുള്ള വിശ്വാസസ്വഭാവത്തെ പ്രാവർത്തികമാക്കുന്നതായി ആ സംഭവം വ്യക്തമാക്കുന്നു:

- വിശ്വാസം ഏറ്റുപറഞ്ഞു (“ദാവീദ് പുത്രൻ”).
- വിശ്വാസം തുടർന്നു (പുരുഷാരത്തിന്റെ നിരുത്സാഹത്തെ അത് നിരസിച്ചു).
- വിശ്വാസം പ്രതികരിച്ചു (യേശു അവരെ വിളിച്ചു).
- വിശ്വാസം അപേക്ഷിച്ചു.

നമുക്ക് ഈ ലിസ്റ്റിനോട് സൗഖ്യമാക്കലിനുശേഷം, വിശ്വാസം അനുമോദിക്കുന്നതും, വിശ്വാസം യേശുവിനെ പിൻപറ്റുന്നതും ചേർത്തു പറയാവുന്നതാണ്.

“യേശു മനസലിഞ്ഞ് അവരുടെ കണ്ണ് തൊട്ടു, ഉടനെ അവർ കാഴ്ച പ്രാപിച്ചു” (മത്തായി 20:34). അവർ പുരുഷാരത്തോട് ചേർന്ന് അവരെ അനുഗമിച്ചു, “ദൈവത്തെ മഹത്വീകരിച്ചുംകൊണ്ട് അവനെ അനുഗമിച്ചു, ജനമെല്ലാം കണ്ടിട്ട് ദൈവത്തിന് പുകഴ്ച്ച കൊടുത്തു” (ലൂക്കൊസ് 18:43). എല്ലായിപ്പോഴും, ക്രിസ്തു പ്രവർത്തിച്ചതെല്ലാം തന്റെ പിതാവിന് മഹത്വം കൊടുക്കുന്നതായിരുന്നു (യോഹന്നാൻ 17:4).

### മറ്റുള്ളവരേയും കൂടെ ചിന്തിക്കുക
### (ലൂക്കൊ. 19:1-10)[24]

വിപത്ത് ചക്രവാളത്തിൽ തെളിയുമ്പോൾ, നമ്മുടെ ചിന്തകൾ സ്വയം–കേന്ദ്രീകൃതമായി തീരും, എന്നാൽ യേശുവിനെ സംബന്ധിച്ച് അതായിരുന്നില്ല സ്ഥിതി. അവന്റെ മനസിൽ ധാരാളം കാര്യങ്ങൾ ഉണ്ടായിരുന്നിട്ടും അവൻ മറ്റുള്ളവരെക്കുറിച്ച് ചിന്തിക്കാതിരുന്നില്ല. ആ കുരുടനെ സൗഖ്യമാക്കിയത് അതു വെളിപ്പെടുത്തുന്നതായിരുന്നു. യെരിഹോവിലെ മറ്റൊരു സംഭവവും അതു തെളിയിക്കുന്നതായി കാണാം: ചുങ്കക്കാരനായിരുന്ന സക്കായിയെ രക്ഷിക്കുന്നു.

കർത്താവിനെകാണുവാൻ അത്തിമരത്തിന്മേൽ കയറിയ ആ “ചെറിയ മനുഷ്യനെ” ചെറിയകുട്ടികൾക്കു പോലും പരിചയമുണ്ട്.[25] ക്രിസ്തു അവന്റെ വീട്ടിലേക്ക് പോയതുകൊണ്ട്, ആ മനുഷ്യന്റെ ജീവിതത്തിൽ മാറ്റമുണ്ടായി.[26] യേശു സക്കായിയോടു പറഞ്ഞു, “ഇവനും അബ്രഹാമിന്റെ മകൻ ആകയാൽ ഇന്ന് ഈ വീട്ടിനു രക്ഷ വന്നു. ... കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലോ മനുഷ്യപുത്രൻ വന്നത്.”[27] (വാ. 9, 10).

### ഉപദേശിക്ക, ഉപദേശിക്ക, ഉപദേശിക്ക.
### (ലൂക്കൊ. 19:11-27)

അവസാനം, നാം യേശു ഉപദേശിക്കുന്നത് കാണും – സത്യത്തിനു ഊന്നൽ കൊടുക്കുകയും തെറ്റായ ആശയങ്ങളെ തിരുത്തുകയും ചെയ്യു

ന്നു. ക്രിസ്തു ശിഷ്യന്മാരോടൊപ്പം ഒരു നിമിഷം സക്കായിയുടെ വീട്ടിലായിരുന്നപ്പോൾ രാജ്യത്തെക്കുറിച്ചുള്ള തെറ്റായ ആശയങ്ങൾ തിരുത്തുവാൻ അവൻ റാത്തൽ (മിനാസ്) ഉപമ പറഞ്ഞു.[28]

**ഉപമ**

ഉപമയിൽ, കുലീനനായോരു മനുഷ്യൻ പത്തു ദാസന്മാരെ വിളിച്ചു ഓരോരുത്തർക്കും പത്തു റാത്തൽ കൊടുത്തു (വാ. 13, 16, 18, 20). താൻ പോകുമ്പോൾ അതുകൊണ്ട് വ്യാപാരം ചെയ്യുവാൻ പറഞ്ഞു. ഒരു ദ്രവ്യം എന്നത് വെള്ളികൊണ്ടുള്ള ഒരു ഗ്രീക്കു നാണയം ആയിരുന്നു, അതിനു നുറു ദിനാർ വിലയുണ്ടായിരുന്നു.[29] ഒരു ദ്രവ്യം സാധാരണ ജോലിക്കാരന്റെ നാലു മാസത്തെ വേതനമായിരുന്നു.[30] കുലീനനായ ആ മനുഷ്യൻ "പിന്നെ രാജ്യത്വം പ്രാപിക്കേണ്ടതിന് ദൂരദേശത്തേക്കു പോയി" (വാ. 12), പിന്നീട്, വിശ്വസ്തർക്ക് പ്രതിഫലവും അനുസരണക്കേടും മൽസരവുമുള്ളവർക്ക് ശിക്ഷയും കൊടുക്കുവാനുമായി അവൻ മടങ്ങിവന്നു. ഈ ഉപമ പോലെതന്നെ ഏതാനും ദിവസങ്ങൾക്കുശേഷം താലന്തുകളുടെ ഉപമ കർത്താവ് പറയുകയുണ്ടായി (മത്തായി 25:14–30),[31] ഇതു ഒഴിച്ചാൽ ഒരെണ്ണത്തിന് വ്യത്യസ്തമായ ഊന്നൽ കൊടുത്തിരിക്കുന്നു.

**ഉദ്ദേശം**

ഈ ഉപമയുടെ പ്രാഥമികമായ ഉദ്ദേശം വാക്യം11ൽ നൽകിയിട്ടുണ്ട്. "അവൻ യെരുശലേമിനു സമീപിച്ചിരിക്കയാലും ദൈവരാജ്യം ക്ഷണത്തിൽ വെളിപ്പെടുമെന്ന് അവർക്ക് തോന്നുകയാലും അവൻ ഒരു ഉപമയും കൂടെ പറഞ്ഞു." താൻ യെരുശലേമിലേക്ക് പോകുന്നത് മരിക്കുവാനാണെന്ന് ക്രിസ്തു അവരോട് പറഞ്ഞു, എന്നാൽ അവർ അത് അംഗീകരിപ്പാൻ തയ്യാറായില്ല. പുരുഷാരത്തിന്റെ ആവേശത്തിൽ പെട്ടുകൊണ്ട്,[32] യേശു യെരുശലേമിലേക്ക് പോകുന്നത് കൊണ്ട് അവന്റെ രാജ്യം സ്ഥാപിക്കുന്നതിനു വേണ്ടിയായിരുന്നു എന്നാണ് അവർ കരുതിയത്. രാജത്വം പ്രാപിക്കേണ്ടതിന് കുലീനനായമനുഷ്യൻ "ദൂരദേശത്തേക്ക്" പോകേണ്ടിയിരുന്നു. തീർച്ചയായും, ആ കുലീനനായ മനുഷ്യൻ, യേശുവായിരുന്നു, "ദൂരദേശം" സ്വർഗം ആയിരുന്നു. അവൻ രാജാവായി കിരീടധാരം നടത്തുന്നതിനുമുൻപ് യേശു മരിച്ച്, ഉയർത്തെഴുന്നേറ്റ് അവന്റെ പിതാവിന്റെ അടുക്കലേക്ക് സ്വർഗാരോഹണം ചെയ്യേണ്ടിയിരുന്നു (പ്രവൃത്തികൾ 2:32, 33; വെളിപ്പാട് 3:21 നോക്കുക).[33]

ഒരു നിയമമായി, ഒരു സത്യം പഠിപ്പിക്കുന്നതിനായിരുന്നു ഉപമ രൂപപ്പെടുത്തിയത്. ഈ കാര്യത്തിൽ, എങ്ങനെയായാലും, ഉപമയിൽ വേറെയും പാഠങ്ങൾ ഉൾപ്പെട്ടിരിക്കുന്നു:[34]

- ക്രിസ്തുവിന്റെ ശിഷ്യന്മാർക്ക് ഒരു പ്രത്യേക വെല്ലുവിളി ഉൾപ്പെടുത്തിയിരിക്കുന്നു. അവൻ വിട്ടു പോയശേഷം, അവർ തിരക്കുള്ളവർ ആകേണ്ടിയിരുന്നു. അവൻ അവർക്ക് വലിയ ഉത്തരവാദിത്തം നൽകുകയും, ഒരിക്കൽ അവൻ അവരെ കണക്കു കൊടുക്കുവാൻ വിളിക്കയും ചെയ്യും (2 കൊരിന്ത്യർ 4:17 നോക്കുക).
- അതിൽ യേശുവിന്റെ ശത്രുക്കൾക്കുള്ള ഒരു പ്രത്യേക മുന്നറിയിപ്പും ഉണ്ട്: അവനെ ഉളിക്കളഞ്ഞവരെ കഠിനമായി ശിക്ഷിക്കും.

## ഉപസംഹാരം

യേശു യെരിഹോം വിട്ട് തന്റെ സഞ്ചാരത്തിന്റെ അവസാനഘട്ടം ആരംഭിച്ചു: യെരിഹോവിൽ നിന്ന് പതിനേഴു–മൈൽ നടന്നുകയറി (സമുദ്ര നിരപ്പിൽ നിന്ന് 1,200 അടി) യെരുശലേമിലേക്ക് തിരിച്ചു (സമുദ്ര നിരപ്പിൽ നിന്ന് 2,500 അടി ഉയരം). അവൻ ബെഥാന്യയിൽ എത്തുന്നത് മുതൽ ആണ് നമ്മുടെ അടുത്ത പാഠം തുടങ്ങുന്നത്.

ക്രൂശിനു മുമ്പുള്ള അവന്റെ അവസാനത്തെ ഏതാനും ദിവസങ്ങൾക്കിടയിലെ ചിന്തകളും ജീവിതവും ആണ് ഈ പാഠത്തിൽ ശ്രദ്ധ ചെലുത്തിയിരിക്കുന്നത്. വർഷങ്ങളോളം ജീവിക്കുവാൻ പദ്ധതി തയ്യാറാക്കുന്ന നിങ്ങൾക്ക് ഈ പാഠത്തിന്റെ പ്രായോഗികത കുറവായിരിക്കാം, എന്നാൽ നാം തിരിച്ചറിയേണ്ടത് മരണം എല്ലായിപ്പോഴും "ആസന്നമാണ്" എന്നത്രേ (എബ്രായർ 9:27). നാം *എല്ലാ* സമയത്തും എങ്ങനെ ജീവിക്കണമെന്ന മാതൃകയാണ് ക്രിസ്തു കാണിച്ചിരിക്കുന്നത്:

- ഒഴിച്ചുകൂടാനാവാത്തതിനെ നിഷേധിക്കരുത്. ഏതുസമയത്തും മരണം സംഭവിക്കാമെന്ന തിരിച്ചറിയൽ ജീവിതത്തിനു വ്യത്യസ്തമായ കാഴ് ചപ്പാട് നൽകുന്നു.
- നിങ്ങൾ ഇവിടെ ആയിരിക്കുന്നതിന്റെ ഉദ്ദേശം അറിയുക. നമ്മിൽ ഓരോരുത്തരും ഒരു കാരണം ഇവിടെ കൊടുത്തിട്ടുണ്ട്, ആ ഉദ്ദേശം മനസിലാക്കിയാൽ ജീവിതം അർത്ഥപുർണമാകും.
- നിങ്ങളെത്തന്നെ രൂപപ്പെടുത്തിയാൽ ദൈവത്തിന് മഹത്വം കൊടുക്കാം. "അങ്ങനെതന്നെ മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ട് സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ട തിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ" (മത്തായി 5:16).
- മറ്റുള്ളവരെക്കുറിച്ച് വിചാരിക്കുക. തങ്ങളെക്കുറിച്ചു മാത്രം ചിന്തിക്കുന്നവരാണ് ഭൂമിയിൽ ഏറ്റവും കുഴപ്പക്കാർ.
- ഉപദേശിക്ക, ഉപദേശിക്ക. ഉപദേശിക്ക. ദൈവവചന സത്യം എല്ലാ അവസരങ്ങളിലും ഉപയോഗിക്കുക.

നിങ്ങൾ അടുത്തയാഴ്ചയിലോ അല്ലെങ്കിൽ അടുത്ത നുറ്റാണ്ടിലോ, ജീവിച്ചാലും ഇല്ലെങ്കിലും ഇതിനേക്കാൾ വലുതായി "ഭൂമിയിലെ അവസാന ദിവസങ്ങൾ" നിങ്ങൾക്ക് ചിലവഴിക്കുവാൻ സാധ്യമല്ല.

## പ്രസംഗക്കുറിപ്പുകൾ

ഈ പാഠത്തിന് കൊടുക്കാവുന്ന മറ്റ് തലവാചകങ്ങളിൽ "മരണം വിളിച്ചുകൊണ്ട് വരുമ്പോൾ"; "മരണം വക്കിലെത്തുമ്പോൾ"; "മരണം നിങ്ങളുടെ വാതിൽക്കൽ മുട്ടുമ്പോൾ" എന്നിവയാണ്. ഈ പാഠത്തോട് നിങ്ങൾ ലളിതമായി സമീപിക്കുവാൻ ഇഷ്ടപ്പെടുന്നു എങ്കിൽ "നിങ്ങളുടെ ജീവിത ഠത്തിന്റെ ഉദ്ദേശം എന്താണ്" യേശുവിന്റെ രണ്ടു വലിയ ഉദ്ദേശ പ്രസ്താവനകൾ ഈ പാഠത്തിൽ ഉണ്ട്: മത്തായി 20:28 ലും ലൂക്കൊസ് 19:10 ലും ഈ പാഠത്തിലെ സംഭവങ്ങൾ യേശു ഈ ഭൂമിയിലേക്ക് വന്നത് എന്തിനെന്ന് അറിഞ്ഞതിനു ഉപയോഗിക്കാം. നാം അറിയുന്നുണ്ടോ?

നാം ഇപ്പോൾ പഠിച്ചതിൽ, പ്രസംഗിക്കാവുന്ന ധാരാളം കാര്യങ്ങൾ ഉണ്ട്:

യാക്കൊബിന്റേയും യോഹന്നാന്റേയും ആവശ്യത്തെക്കുറിച്ചുള്ള ഒരു പ്രസം ഗത്തിന് (യേശുവിന്റെ പ്രതികരണവും) “നിങ്ങൾ വലുതാകുമ്പോൾ ആരാകും?” എന്നത് നോക്കുക. ബർത്തിമായിയുടെ അന്ധത സൗഖ്യമാക്കുന്ന സംഭവം അസംഖ്യം പ്രസംഗങ്ങൾക്ക് പ്രചോദനമായിട്ടുണ്ട്. യെരുശലേമിലെ കുരുടനായ മനുഷ്യനെ സൗഖ്യമാക്കുന്ന ആശയവും നിങ്ങൾക്ക് ഉപയോഗിക്കാം (*ക്രിസ്തുവിന്റെ ജീവിതം, 4*–ൽ ഉള്ള “ഞാൻ കുരുടനായിരുന്നു, ഇപ്പോൾ കാണുന്നു” എന്നത് നോക്കുക). റാത്തലിന്റെ ഉപമ (മിനാസ്) പല വിധത്തിൽ ഉപയോഗിക്കാവുന്നതാണ്. ഏൾ പിയേഴ്സ് “ജീസസ്സ് ടേക്ക്സ് ദ ‘സ്റ്റ്യു’ ഔട്ട് ഓഫ് സ്റ്റുവേഡ് ഷിപ്പ്”[35] എന്നുപയോഗിച്ചിട്ടുണ്ട്. ലൂക്കൊസ് 19:13 പൊതുവിൽ പണത്തെ കൈകാര്യം ചെയ്യുന്ന വേദഭാഗമായി ഉപയോഗിച്ചിട്ടുണ്ട്: “ഇത് [പണം] എടുത്ത് വ്യാപാരം ചെയ്യുക” (എൻഎഎസ്ബി) അല്ലെങ്കിൽ “ഈ പണം പ്രവർത്തിക്കുവാൻ ഉപയോഗിക്കുക” (എൻഐവി).

---

കുറിപ്പുകൾ

[1]ഈ പോയിന്റ് എടുത്ത് നിങ്ങൾക്ക് ഒരു ക്ലാസിന്റെ ചർച്ച നടത്താം. ഒരു സാഹചര്യം വരുന്നതിനുമുൻപ് അതിനോട് എങ്ങനെ പ്രതികരിക്കണമെന്ന് നമുക്കറിയില്ല. എന്നാൽ യേശുവിന്റെ ഭൂമിയിലെ അവസാന നാളുകളിലെ മുൻഗണനകൾ ചോദ്യത്തിലൂടെ നമുക്ക് ലഭിക്കുന്നതാണ്. ഒരുപക്ഷേ ക്ലാസിൽ നിങ്ങൾക്കും മറ്റുള്ളവർക്കും എത്ര നാൾ ജീവിക്കുമെന്ന് ആളുകളോട് പറഞ്ഞതായ അനുഭവം ഉണ്ടായേക്കാം. ആ വാർത്തയോട് അവർ എങ്ങനെയാണ് പ്രതികരിച്ചത്? [2]“യേശുവിന്റെ ശുശ്രൂഷാകാലത്തെ പാലസ്തീന്റെ” ഭൂപടം നോക്കുക. [3]മർക്കൊസ് 10:32ലെ “അവർ” എന്നതും “അനുഗമിച്ചവർ” എന്നതും വ്യത്യസ്ത സംഘം ആയിരിക്കാം അല്ലെങ്കിൽ അല്ലായിരിക്കാം. അവ രണ്ടും വ്യത്യസ്ത സംഘത്തെ പ്രതിനിധീകരിക്കുന്നു എങ്കിൽ “അവർ” എന്നത് പന്തിരുവരും “അനുഗമിച്ചവർ,” അവനോടൊപ്പം യാത്രചെയ്ത മറ്റ് ശിഷ്യന്മാരും ആയിരിക്കണം. [4]“ഹെഡ്ജ്” എന്ന വാക്കിന്റെ ഒരർത്ഥം “വ്യക്തമായ പ്രസ്താവന ഒഴിവാക്കുക.” യേശു അങ്ങനെ ചെയ്തില്ല. വരുവാനുള്ള തന്റെ മരണത്തെക്കുറിച്ച് അവൻ വ്യക്തമായി സംസാരിച്ചു. [5]അവർ പിന്നീട് ക്രൂശിനെ കാണുവാനായി വന്നു (യോഹന്നാൻ 12:16 നോക്കുക). [6]മിക്ക എഴുത്തുകാരും മത്തായി 20:18, 19 (ഒത്തുവാക്യങ്ങളും) എടുത്ത് തന്റെ വരുവാനുള്ള മരണത്തെ യേശു “മൂന്നാം പ്രാവശ്യം” പറഞ്ഞതായി സൂചിപ്പിക്കുന്നു, എന്നാൽ ചിലർ വിയോജിക്കുന്നുണ്ട്. കൃത്യമായസംഖ്യ അപ്രധാനമാണ്: മറ്റുസന്ദർഭങ്ങളിലും അവൻ കഷ്ടമേല്ക്കേണ്ടതാണെന്ന് സൂചിപ്പിച്ചിട്ടുണ്ട് (ഉദാഹരണത്തിന്, മത്തായി 17:12; ലൂക്കൊസ് 5:35; 9:22, 43–45; 12:50; 13:32, 33; 17:25). [7]കോഫ്മാൻ പറഞ്ഞത് “പതിനല്പ്രാവശ്യത്തിൽ കുറയാതെ അവന്റെ കഷ്ടതയെക്കുറിച്ച് വിശദമായി പറഞ്ഞിരിക്കുന്നു” എന്നാണ്. “അത് ക്രിസ്തു ചൂണ്ടിക്കാണിച്ചതായിരുന്നു” (ജെയിംസ് ബർട്ടൺ കോഫ്മാൻ, *കമന്ററി ഓൺ ദ ഗോസ്പെൽ ഓഫ് മാത്യു* [ആസ്റ്റിൻ ടെക്സ്.:ഫേം ഭൗണ്ടേഷൻ പബ്ലിഷിംഗ് ഹൗസ് 1968], 310–11). [8]മത്തായിയുടെ പുസ്തകത്തിൽ “മൂന്നാം നാൾ” എന്നാണ് (മത്തായി 20:19) മർക്കൊസിന്റെ പുസ്തകത്തിൽ “മൂന്നുദിവസത്തിനു *ശേഷം* എന്നാണ്” (മർക്കൊസ് 8:31), എന്നാൽ ലൂക്കൊസിന്റേതിൽ “മൂന്നാംനാൾ എന്നാണ്” (ലുക്കൊസ് 18:33). “... ആ വാക്കുകൾ അക്ഷരീകമായി വ്യാഖ്യാനിക്കേണ്ടതല്ലെന്ന് തോന്നുന്നു ” (ഓർവില്ലേ ഇ. ദാനിയെൽ, *എ ഹാർമണി ഓഫ് ദ ഫോർ ഗോസ്പൽസ്* 2 എഡി. [ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.:ബേക്കർ ബുക്സ്, 1996 ], 143). [9]ലൂക്കൊസ് 18:34 പറ

യുന്നത് "ആ പ്രസ്താവനയുടെ അർത്ഥം അവരിൽനിന്ന് മറച്ചിരുന്നു എന്നാണ്." ഒരു പക്ഷേ അത് സൂചിപ്പിക്കുന്നത്, അവരുടെ മുൻവിധികാരണം അവർക്കത് മനസിലാക്കുവാൻ തടസ്സമായിരുന്നു എന്നാകാം, എന്നാൽ അത് ദൈവീകമായ ഇടപെടൽ നിമിത്തം അവർ അമിത ആവേശത്തിൽ അകാതിരിക്കേണ്ടതിനാകാം. ലൂക്കൊസ് അതേ ഭാഷ ലൂക്കൊസ് 9:45–ൽ ഉപയോഗിച്ചിട്ടുണ്ട്. [10]യാക്കൊബിന്റേയും യോഹന്നാന്റേയും അമ്മയും ഇതേ ആവശ്യം ഉന്നയിച്ചിരുന്നു. ഈ സംഭവത്തിന്റെ വിശദമായപഠനത്തിന്, ഈ പുസ്തകത്തിൽ വരുന്ന, "നിങ്ങൾ വലുതാകുമ്പോൾ ആരായിതീരും?" എന്നത് നോക്കുക.

[11]യെരുശലേമിലെ മാളികമുറിയിൽ ഈ പ്രതിസന്ധി വീണ്ടും ഉണ്ടായി (ലൂക്കൊസ് 22:24). [12]രാജ്യത്തിൽ ഏറ്റവും വലിയവൻ ആരെന്ന മുൻ ചർച്ചക്ക്, *ക്രിസ്തുവിന്റെ ജീവിതം,4*ൽ ഉള്ള "ശിഷ്യത്വത്തിന്റെ അടയാളങ്ങൾ." നോക്കുക. [13]"മറുവില"എന്നതിന്റെ ചർച്ച ഈ പുസ്തകത്തിൽ തന്നെയുണ്ട്. [14]മറ്റൊരു ഉദ്ദേശ പ്രസ്താവന മത്തായി 9:13–ൽ ഉണ്ട്. കൂടാതെ മത്തായി 1:21; 1 തിമൊഥെയൊസ് 1:15 നോക്കുക. [15]"യേശുവിന്റെ ശുശ്രൂഷാകാലത്തെ പാലസ്തീന്റെ" ഭൂപടം നോക്കുക. [16]ലൂക്കൊസ് മാത്രമാണ് രണ്ട് സൗഖ്യസംഭവങ്ങളും സക്കായിയുടെ സംഭവവും പറയുന്നത്, ആദ്യം പറഞ്ഞിരിക്കുന്നത് സൗഖ്യത്തെയാണ് (ലൂക്കൊസ് 18:35; 19:1, 2). [17]ഞാൻ ഈ സംഭവത്തെ വീണ്ടും എടുക്കുമ്പോൾ സാധാരണ അപ്പോൾ ഏത് വിവരണം ഉപയോഗിച്ചാലും ഞാൻ രണ്ടു കുരുടന്മാരെക്കുറിച്ചുംപറയും. [18]"ബാർ" എന്ന അരാമ്യ വാക്കിന് "സൺ ഓഫ്" എന്നാണർത്ഥം. മർക്കൊസ്, ഒരു പക്ഷെ റോമൻ സദസ്യർക്കായിരിക്കാം എഴുതിയത് ("ക്രിസ്തുവിന്റെ ജീവിതം 1 നോക്കുക") അവിടെ വിവരിച്ചിരിക്കുന്ന വാക്കുകൾ യഹൂദന്മാർ–അല്ലാത്ത സദസ്യർക്ക് പരിചയമുണ്ടാവുകയില്ല. [19]ക്രിസ്തു ചെല്ലുന്നതിനു മുമ്പ് അവർക്ക് ടൗണിന്റെ മറുവശത്ത് എത്തുവാൻ കഴിഞ്ഞു, അത് യേശു കുറേസമയം നഗരത്തിൽ തങ്ങിയതുകൊണ്ടാണ് (അവൻ അല്പസമയം സക്കായിയുടെ വീട്ടിൽ ചിലവഴിച്ചു). [20]ആ പൊരുത്തമില്ലായ്മയെക്കുറിച്ചുള്ള വിശദീകരണത്തിന് ഏഴുസാധ്യതകൾ കൾവർ നൽകിയിട്ടുണ്ട് (റോബർട്ട് ഡങ്കൺ കൾവർ,*ദ ലൈഫ് ഓഫ് ക്രൈസ്റ്റ്* [ഗ്രാന്റ് റാപ്പിട്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1976], 212–13).

[21]മശിഹയെ ആളുകൾ വിളിച്ചിരുന്നത് "ദാവീദ് പുത്രൻ" എന്നാണ്. കുരുടന്മാർ യേശുവിലുള്ള വിശ്വാസം പുറമേ പ്രകടമാക്കി. [22]മർക്കൊസ് രസകരമായ വിശദീകരണം കൂട്ടിച്ചേർത്തു: ബെർത്തിമായി അവന്റെ പുതപ്പ് വിട്ടുകളഞ്ഞു – അതായത് അവന്റെ ബാഹ്യവസ്ത്രം (മർക്കൊസ് 10:50). ആ പുതപ്പ് "ഒരുപക്ഷേ അവന്റെ സമ്പത്തിന്റെ പകുതിയിലധികം വരുന്നതാകാം, എന്നാൽ അതിനേക്കാൾ വില തന്റെ കണ്ണിന് കാഴ്ച്ച ലഭിച്ചതിനുണ്ടെന്ന് അവൻ മനസിലാക്കി, ജനക്കൂട്ടം നിമിത്തം അവന് യേശുവിന്റെ അടുക്കലെത്തുവാൻ അതൊരു തടസമായിരുന്നത് കൊണ്ട് അവൻ അതിനെ കളഞ്ഞു" (ജെ. ഡബ്ലിയു. മെക്ക് ഗാർവേ ആന്റ് ഫിലിപ്പ് വൈ പെന്റ്ലറ്റൻ, *ദ ഫോർഫോൾഡ് ഗോസ്പൽ ഓർ എ ഹാർമണി ഓഫ് ദ ഫോർഗോസ്പെൽസ്* (സിൻസിനാറ്റി: സ്റ്റാന്റേർഡ് പബ്ലിഷിങ്ങ് കമ്പനി, 1914), 560–61. നാമും, കൂടെ, യേശുവിന്റെ അടുക്കൽ എത്തുവാൻ തടസമായ ചിലതു വിട്ടുകളയണമെന്ന് ഉപദേഷ്ടാക്കന്മാരും പ്രാസംഗികരും ചൂണ്ടിക്കാട്ടിയിട്ടുണ്ട് (എബ്രായർ 12:1 നോക്കുക). [23]മർക്കൊസ് 2 ലെ പക്ഷവാതക്കാരന് സൗഖ്യമാകുവാൻ വിശ്വാസം വേണ്ടിയിരുന്നു എന്ന സൂചനയില്ല. തീർച്ചയായും യേശു മരിച്ചവരിൽനിന്ന് ഉയർപ്പിച്ചവർക്കും "സൗഖ്യമാക്കുന്നതിനു മുൻപ്" വിശ്വാസം ഉണ്ടായിരുന്നില്ല. [24]ബലഹീനരുടേയും, ആവശ്യമുള്ളവരുടേയും, പുറജാതിക്കാരുടേയും നായകനായ – ലൂക്കൊസ് മാത്രമാണ് സക്കായിയുടെ സംഭവം പറയുന്നത്. [25]അമേരിക്കയിലെ കുട്ടികൾക്കുള്ള ഒരു പ്രസിദ്ധമായ പാട്ടാണ് "എ വീ ലിറ്റിൽ മെൻ." "വീ" എന്നത് പഴയ

ഇംഗ്ലിഷ്/സ്കോട്ടിഷ് വാക്കാണ്, അർത്ഥം "വളരെ ചെറിയ." [26]ലൂക്കോസിന്റെ വിവരണത്തിൽ സക്കായിയുടെ സംഭവം (ലൂക്കൊസ് 19:1–10) ധനവാനായ യുവാവിന്റെ സംഭവത്തിന് തൊട്ടു പിന്നാലെയാണ് വരുന്നത് (ലൂക്കൊസ് 18:18–27). ദൈവശ്വാസീയമായി, ലൂക്കൊസ് "ഒരു ഒട്ടകം" എങ്ങനെ "സൂചിക്കുഴലിലൂടെ കടക്കും" എന്ന് ചിത്രീകരിച്ചിരിക്കുന്നു (ലൂക്കൊസ് 18:25). [27]മറ്റൊരു വലിയ ഉദ്ദേശമുള്ള വാചകമാണ് ലൂക്കൊസ് 19:10: അതിനോട്ചേർത്ത് മർക്കൊസ് 10:45, കഴിഞ്ഞപാഠത്തിൽ നാം പഠിച്ചു. [28]ഇതിനെ സാധാരണ "റാത്തലിന്റെ ഉപമ," എന്നാണ് അറിയപ്പെടുന്നത്. അതിന്റെ കാരണം ഒരുപക്ഷെ കെജെവിയിൽ "റാത്തൽ " എന്ന് ഉപയോഗിച്ചത് കൊണ്ടാവാം. എൻഎഎസ്സ്ബി ഗ്രീക്ക് വേദഭാഗത്തോട് നീതി പുലർത്തി "മിനാസ്" എന്ന് ഉപയോഗിച്ചിരിക്കുന്നു. [29]മുൻപ് ശ്രദ്ധിച്ചതുപോലെ ഒരു ദിനാർ എന്നത് ഒരു ജോലിക്കാരന്റെ ഒരു ദിവസത്തെ വേതനം ആയിരുന്നു (മത്തായി 20:2 നോക്കുക). [30]മിനാസ് എന്ന് ലൂക്കൊസ് 19:17–ൽ പറഞ്ഞിരിക്കുന്നത് "വളരെ ചെറിയ വസ്തു" ആയിട്ടാണ്, എന്നാൽ താരതമ്യം ചെയ്യുമ്പോഴും അത് "വളരെ ചെറുതാണ് " – ഒരു ദാസന് പത്തു പട്ടണത്തിന്റെ അധികാരചുമതല കൊടുത്തതുമായി താരതമ്യം ചെയ്യുക.

[31]ആ സമയത്ത്, നാം "ബാങ്ക് " (ലൂക്കൊസ് 19:23) എന്താണെന്നും ലൂക്കൊസ് 19:26 ലെ തത്വം എന്തെന്നും നാം പഠിക്കും. [32]വിജയകരമായ പ്രവേശനത്തിന്റെ കാത്തിരിപ്പ് ആവേശ പൂർണമായി അവസാന ഘട്ടത്തിലെത്തി – അത് നാം അടുത്ത പാഠത്തിൽ പഠിക്കും. യേശു തന്റെ രാജ്യം ഉടനെ സ്ഥാപി*ച്ചില്ല*. അവന്റെ ശ്രുതി വ്യാപിക്കുവാൻ തുടങ്ങി. കുറച്ച് ദിവസങ്ങൾക്ക് ശേഷം, "അവനെ ക്രൂശിക്ക!" എന്ന് ആർത്തു വിളിച്ചു. [33]യേശു ആരോഹണം ചെയ്ത് പത്തു ദിവസങ്ങൾക്കു ശേഷം, പരിശുദ്ധാത്മാവ് പെന്തെകൊസ്തു നാളിൽ വരികയും ക്രിസ്തുവിന്റെ സ്ഥാനാരോഹണം പ്രഖ്യാപിച്ച്കൊണ്ട് രാജ്യം/സഭ സ്ഥാപിച്ചു. [34]സുവിശേഷ വിവരണങ്ങളിൽ "ഉപമ" എന്ന വാക്ക് വിവിധരൂപത്തിലുള്ള ഉപദേശങ്ങൾക്ക് വഴങ്ങുന്നതായി പലപ്രാവശ്യം നാം നിരീക്ഷിക്കയുണ്ടായി. [35]ഏൾവി. *പിയേഴ്സ്, ദ സുപ്രീം ബിയാറ്റിറ്റ്യുഡ്* (ന്യൂയോർക്ക്: ഫ്ളെമിങ് എച്ച് റെവൽ കമ്പനി., 1947), 76–86.

### ***മുഴുവൻ കഷ്ടതയും***

"യേശു നോക്കിയിരുന്ന കഷ്ടതയിൽ അസാധാരണത്വവും ഉൾപ്പെട്ടിരുന്നു. ആ കഷ്ടതയുടെ വേദനസംബന്ധിച്ച് ഹൃദയത്തിൽ അല്ലെങ്കിൽ മനസിൽ ഒട്ടും കുറവില്ലായിരുന്നു".

"അവൻ *ഒറ്റിക്കൊടുക്കപ്പെട്ട്* മഹാപുരോഹിതന്മാരുടേയും ശാസ്ത്രിമാരുടേയും കയ്യിൽ ഏൽപ്പിക്കപ്പെടുന്നത്; അവിടെ *അഭക്തരായ സ്നേഹിതന്മാരാൽ ഉണ്ടായ ഹൃദയഭേദകമായ കഷ്ടത* നാം കാണുന്നു. അവൻ *മരണത്തിന് വിധിക്കപ്പെടേണ്ടിയിരുന്നു*; *അന്യായമായ* ഒരു കഷ്ടത നാം അവിടെ കാണുന്നു, അത് അസഹനീയമാണ്. റോമാക്കാരാൽ അവൻ *പരിഹസിക്കപ്പെടേണ്ടിയി*രുന്നു; അവിടെ നാം *തരംതാഴ്തലിന്റേയും മനപൂർവ്വം നിന്ദിക്കലിന്റേ*യും കഷ്ടത കാണുന്നു. അവൻ അടിക്കപ്പെടേണ്ടിയിരുന്നു; റോമൻ ചാട്ടയടിയെ ലോകത്തുള്ള ചില ഉപദ്രവങ്ങളോട് താരതമ്യം ചെയ്യാം അവിടെ *ശാരീരകമായ വേദന* നാം കാണുന്നു. അവസാനം, അവൻ *ക്രൂശിക്കപ്പെടേണ്ടിയിരുന്നു*, അവിടെ നാം *മരണ*ത്തിന്റെ അവസാന കഷ്ടത കാണുന്നു. അത് എല്ലാ വിധത്തിലുമുള്ള ശാരീരികവും മാനസീകവും വൈകാരികവുമായ വേദന തന്നിലേക്ക് ഏറ്റെടുക്കുന്നതായിരുന്നു."

*ദ ഗോസ്പൽ ഓഫ് മാത്യു*, വാല്യം. 2
വില്യം ബാർക്ലെ